വ്യവസായ വകുപ്പിൽ ഐ.ഇ.ഒ സീനിയർ കോ-ഇൻസ്പെക്ടർ, ജൂനിയർ ഇൻസ്പെക്ടർ തസ്തികകളിലെ റിവർഷൻ

297 (637) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ ഐ. ഇ. ഒ, സീനിയർ കോ-ഇൻസ്പെക്ടർ തസ്തികകളിൽ റിവർഷൻ ഉണ്ടായിട്ടുണ്ടോയെന്ന് പറയാമോ ;

(ബി) എത്രകൊണ്ടാണ് റിവർഷൻ ഉണ്ടായെന്നും എത്ര പേർക്കാണ് റിവർഷൻ ഉണ്ടായെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വ്യവസായ വാണിജ്യ വകുപ്പിൽ വ്യവസായ വികസന ഓഫീസർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ റിവർഷൻ ഉണ്ടായിട്ടുണ്ട്.

(ബി) വ്യവസായ വാണിജ്യ വകുപ്പിൽ നിലവിൽ ഉള്ള വ്യവസായ വികസന ഓഫീസർ തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തിന് കാലതാമസം നേരിട്ടതിനാൽ ടി ഒഴിവുകളിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ യോഗ്യതയുള്ള ഉദ്യോഗസ്ഥർക്ക് താൽക്കാലിക പ്രമോഷൻ നൽകി നിയമിക്കുകയുണ്ടായി.

പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേനയുള്ള നിയമനം നടക്കുമ്പോൾ റിവർഷൻ നൽകുന്നതാണ് എന്ന വ്യവസ്ഥയിലാണ് പ്രസ്തുത സ്ഥാനക്കയറ്റം നൽകിയിരുന്നത്. പ്രസ്തുത പ്രൊമോഷന് അനുസൃതമായി സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കും മേൽപ്പറഞ്ഞ നിബന്ധനയിൽ താൽക്കാലിക പ്രമോഷൻ നടത്തിയിരുന്നു. വ്യവസായ വികസന ഓഫീസർ തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമന ശുപാർശ ചെയ്ത 44 പേരിൽ 40 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തദവസരത്തിൽ മറ്റ് ഒഴിവുകൾ നിലവിലില്ലാതിരുന്നതിനാൽ താൽക്കാലിക പ്രമോഷൻ നൽകിയിരുന്ന ജൂനിയറായ വ്യവസായ വികസന ഓഫീസർമാരെ റിവർട്ട് ചെയ്യുകയുണ്ടായി. ഇതിനനുസൃതമായി സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികകളിലും റിവർഷൻ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം വ്യവസായ വികസന ഓഫീസർ തസ്തികയിൽ 22, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 14, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 12 എന്നിങ്ങനെ നിവർഷൻ നടത്തുകയുണ്ടായി.

കൈത്തറി വ്യവസായത്തെ വികസിപ്പിക്കാൻ പദ്ധതികൾ

298 (638) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തകർച്ചയിലേക്ക് പോകുന്ന പരമ്പരാഗത വ്യവസായ മേഖലയിൽപ്പെടുന്ന കൈത്തറി വ്യവസായം വികസിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ;

(ബി) ഈ സർക്കാർ പുതുതായി എത്ര കൈത്തറി വ്യവസായസംരംഭങ്ങൾ ആരംഭിച്ചു ; എത്ര വ്യവസായസ്ഥാപനങ്ങൾ പുനരുദ്ധരിച്ചു ; വ്യക്തമാക്കാമോ ;

(സി) കൈത്തറി വ്യവസായ പുനഃരുദ്ധാരണത്തിന് കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്ന് ലഭ്യമാക്കിയിട്ടുള്ള സാമ്പത്തിക സഹായങ്ങൾ പ്രയോജനപ്പെടുത്തുന്ന എത്ര പദ്ധതികൾ സമർപ്പിച്ചിരുന്നു ; എത്ര പദ്ധതികൾക്ക് അനുമതി കിട്ടിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ നേരിട്ട് കൈത്തറി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ മാസ്റ്റർ വീവർ പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 വരെ 73 സംരംഭകർക്ക് ആനുകൂല്യം നൽകി, പുതു സംരംഭം ആരംഭിച്ചിട്ടുണ്ട്. സെൽഫ് എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം 2012-13, 2013-14 സാമ്പത്തിക വർഷത്തിലായി 38 പേർക്ക് ആനുകൂല്യം നൽകി 38 സംരംഭങ്ങൾ ആരംഭിച്ചു. റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജിലൂടെ 2 ഘട്ടങ്ങളിലായി 355 പ്രാഥമിക സംഘങ്ങളേയും ഹാന്റക്സിനേയും പുനരുദ്ധരിക്കുവാനുള്ള നടപടി എടുത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly